**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969** **02-02-2026 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാരിന്റെ കാലത്ത് മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉന്നതികൾ ഏതൊക്കെയാണ്; അവയുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാരിന്റെ കാലത്ത് മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഉന്നതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>ഉന്നതി</th><th>നിർവ്വഹണ ഏജൻസി</th><th>നിർമ്മാണ പുരോഗതി</th></tr>
<tr><td>പന്നിയോട് -ചെന്നപ്പൊയിൽ (2020-21)</td><td>ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്</td><td>ഭരണാനുമതി നൽകിയിട്ടുണ്ട്. എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>ചാളംവയൽ - കയില്ലൂർപൂവം (2020-21)</td><td>പടിയൂർ ഗ്രാമപഞ്ചായത്ത്</td><td>ഭരണാനുമതി നൽകിയിട്ടുണ്ട്.</td></tr>
<tr><td>ചാലിൽ നഗർ (2024-25)</td><td>കോളയാട് ഗ്രാമപഞ്ചായത്ത്</td><td>ഡി.പി.ആർ ജില്ലാ ഓഫീസിൽ ലഭ്യമായിട്ടുണ്ട്.</td></tr>
<tr><td>കൊളപ്പ<br><br>(2025-26)</td><td>കോളയാട് ഗ്രാമപഞ്ചായത്ത്</td><td>ഡി.പി.ആർ ലഭ്യമായിട്ടില്ല</td></tr>
<tr><td>ശങ്കരൻകണ്ടി നഗർ (2025-26)</td><td>തില്ലങ്കേരി ഗ്രാമപഞ്ചായത്ത്</td><td>ഡി.പി.ആർ ലഭ്യമായിട്ടില്ല</td></tr>
</table></td></tr>
<tr><td>(ബി)</td><td>മട്ടന്നൂർ നിയോജകമണ്ഡത്തിൽ എത്ര പട്ടികജാതി നഗറുകൾ നിലവിലുണ്ടെന്നും എത്ര കുടുംബങ്ങൾ അവിടങ്ങളിൽ താമസിക്കുന്നുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;</td><td>(ബി)</td><td>മട്ടന്നൂർ നിയോജകമണ്ഡത്തിലെ പട്ടികജാതി നഗറുകളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>പട്ടികജാതി നഗറുകളുടെ ഉന്നമനത്തിനായി സർക്കാർ എന്തൊക്കെ</td><td>(സി)</td><td><u>കോർപ്പസ് ഫണ്ട്</u></td></tr>
</table>

| | | | |
|---|---|---|---|
| | പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | | പട്ടികജാതി നഗറുകളുടെ ഉന്നമനത്തിനായി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാ തലത്തിൽ 25,00,000/-രൂപ വരെയുള്ള പ്രവൃത്തികൾ ചെയ്തു വരുന്നു.<br><br>**<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**<br><br>15 പട്ടികജാതി കുടുംബങ്ങളെങ്കിലും അധിവസിയ്ക്കുന്ന അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന ഗ്രാമങ്ങളിൽ 50 ലക്ഷം, 75 ലക്ഷം, ഒരു കോടി എന്ന രീതിയിൽ ജനസംഖ്യാടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യവികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**<u>ഐശ്വര്യഗ്രാമം പദ്ധതി</u>**<br><br>15-ൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഉള്ളതും കുറഞ്ഞത് 5 കുടുംബങ്ങളെങ്കിലുമുള്ളതുമായ ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഐശ്വര്യഗ്രാമം പദ്ധതി2 2025-26 മുതൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**മട്ടന്നൂർ മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വിശദാംശം**

| തദ്ദേശഭരണസ്ഥാപനം | നഗർ/സങ്കേതം | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|
| തില്ലങ്കേരി | നഗർ/സങ്കേതം ഇല്ല | | |
| ചിറ്റാരിപ്പറമ്പ | നഗർ/സങ്കേതം ഇല്ല | | |
| മാങ്ങാട്ടിടം | ഐ എ വ ൈ നഗർ | 11 | 36 |
| | കട്ടച്ചേരി നഗർ | 10 | 33 |
| | കുന്നത്ത്ക്കണ്ടി സങ്കേതം | 5 | 22 |
| | കൈതേരി 11 ആം മൈൽ സങ്കേതം | 6 | 28 |
| | കൊയിലോട് ലക്ഷം വീട് സങ്കേതം | 6 | 21 |
| മട്ടന്നൂർ നഗരസഭ | മഞ്ചു നഗർ | 17 | 66 |
| | കല്ലൂർ നഗർ | 17 | 56 |
| | മണ്ണൂർ നഗർ | 14 | 60 |
| | ദേവർകാട് നഗർ | 9 | 36 |
| | കയനി നഗർ | 9 | 32 |
| | പൊറോറ കോമൻറമൂല നഗർ | 6 | 15 |

| | | | |
|---|---|---|---|
| കൂടാളി പഞ്ചായത്ത് | കുരാരി നഗർ | 16 | 66 |
| | കൊടോളിപ്രം | 8 | 29 |
| | കൊടോളിപ്രം വായനശാല | 5 | 18 |
| | പൂവത്തൂർ നഗർ | 6 | 34 |
| | താറ്റ്യോട് നഗർ | 10 | 36 |
| | ബങ്കണപ്പറമ്പ് നഗർ | 5 | 17 |
| കോളയാട് പഞ്ചായത്ത് | എടയാർ 17ാം മൈൽ നഗർ | 8 | 30 |
| | മെനച്ചോടി നഗർ | 6 | 21 |
| കീഴല്ലൂർ പഞ്ചായത്ത് | എളമ്പാറ പുതുക്കുടി നഗർ | 6 | 23 |
| | തെരൂർ പാടിച്ചാൽ നഗർ | 7 | 21 |
| | ചെറുകുഞ്ഞിക്കരി നഗർ | 6 | 19 |
| മാലൂർ പഞ്ചായത്ത്. | പറമ്പൽ നഗർ | 6 | 18 |
| | ഇടത്തിൽ നഗർ | 6 | 20 |
| പടിയൂർ -കല്ല്യാട് പഞ്ചായത്ത് | മുയ്യേരി ചാല്യമറി നഗർ | 27 | 92 |
| | പടിഞ്ഞാറേക്കര നഗർ | 17 | 51 |
| | നിടിയോടിചാൽ നഗർ | 7 | 19 |
| **ആകെ** | | **256** | **919** |